# പതിമൂന്നാം കേരള നിയമസഭ

## 10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1947, 22.01.2014 - ലെ മറുപടിയ്ക്ക്

**ധനകാര്യ സെക്രട്ടേറിയറ്റിലെ ടൈപ്പിസ്റ്റ് ഒഴിവുകൾ നികത്താൻ നടപടി**

| **ചോദ്യം**<br>**ശ്രീ.എം.എ.വാഹിദ്** | **ഉത്തരം**<br>**മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി** |
|---|---|
| (എ). ധനകാര്യ സെക്രട്ടേറിയറ്റിൽ ടൈപ്പിസ്റ്റിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; | ധനകാര്യവകുപ്പിൽ ടൈപ്പിസ്റ്റിന്റെ 26 ഒഴിവുകൾ ഉണ്ട്. പ്രസ്തുത ഒഴിവുകൾ സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ്, ഗ്രേഡ് 1 കേഡറുകളിലാണ്. എൻട്രി കേഡറിൽ നിലവിൽ ഒഴിവുകളില്ല. |
| (ബി) പ്രസ്തുത ഒഴിവുകൾ കാലതാമസം കൂടാതെ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | എൻട്രി കേഡറിലെ ഒഴിവുകൾ മാത്രമേ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയുള്ളൂ. സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ്, ഗ്രേഡ് 1 കേഡറിലായുള്ള ടൈപ്പിസ്റ്റുമാരുടെ കേഡർ സ്ട്രെങ്ത് താൽക്കാലികമായി റീഫിക്സ് ചെയ്ത്, മേൽ 26 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാമെന്ന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കേഡർ സ്ട്രെങ്ത് റീഫിക്സ് ചെയ്യുവാനുള്ള ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. |

Preety

സെക്ഷൻ ഓഫീസർ